**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2341** — **17.08.2017**-ൽ മറുപടിയ്ക്ക്

## ഇതരസംസ്ഥാനങ്ങളിൽ നിന്നും വന്ന് കേരളത്തിൽ താമസിക്കുന്ന എസ്.സി/എസ്.റ്റി വിഭാഗക്കാരായവർക്ക് ആനുകൂല്യങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.എം. രാജഗോപാലൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഇതരസംസ്ഥാനങ്ങളിൽ നിന്നും വന്ന് കേരളത്തിൽ താമസിക്കുന്ന എസ്.സി/ എസ്.റ്റി വിഭാഗക്കാരായവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ; സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള ഇത്തരക്കാർക്ക് സംസ്ഥാനത്തെ മറ്റ് സമാനവിഭാഗക്കാരായവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ? | (എ) | കേരളത്തിൽ നിന്നും അന്യസംസ്ഥാനത്ത് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാനത്തുനിന്നാണ് ആനുകൂല്യം അനുവദിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരവരുടെ മാതൃസംസ്ഥാനത്തുനിന്നും ആനുകൂല്യം ലഭിക്കുന്നതിനാണ് അർഹതയുള്ളത്. ഓരോ സംസ്ഥാനത്തിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ സംബന്ധിച്ച് വെവ്വേറെ ലിസ്റ്റ് നിലവിലുള്ളതിനാൽ ഇതര സംസ്ഥാനത്തുനിന്നും കേരളത്തിൽ വന്നു പഠിക്കുന്നവർക്ക് കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനു നൽകുന്ന ആനുകൂല്യങ്ങൾ അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ